എത്തിച്ചേരാനുള്ള പ്രധാനപ്പെട്ട റോഡാണ്. ബാംഗ്ലൂരിൽനിന്ന് ബന്തടുക്ക വരെയുള്ള കർണ്ണാടക റോഡ് മുഴുവൻ പണി പൂർത്തീകരിച്ച് 10 കിലോമീറ്റർ വീതിയിൽ ടാർ ചെയ്ത് നല്ല റോഡാക്കി അഭിവൃദ്ധിപ്പെടുത്തിയിരിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തിൽക്കൂടി കടന്നുപോകുന്ന 37 കിലോമീറ്റർ റോഡിന്റെ സ്ഥിതിയും വളരെ ശോചനീയമാണ്. ആ റോഡുകൂടി പുനരുജ്ജീവിപ്പിച്ച് നല്ല റോഡാക്കി മാറ്റിയാൽ കർണ്ണാടകത്തിൽനിന്ന് വരുന്ന ആളുകൾക്ക് നമ്മുടെ പ്രദേശത്ത് എത്തിച്ചേരാൻ, പ്രത്യേകിച്ച് ബേക്കൽകോട്ടയിൽ എത്തിച്ചേരാൻ പറ്റുന്ന പ്രധാനപ്പെട്ട റോഡാക്കി മാറ്റാൻ കഴിയും. ഈ റോഡിനുവേണ്ടി ഒരുസെന്റ് സ്ഥലംപോലും അക്വയർ ചെയ്യുകയോ വില കൊടുത്ത് എടുക്കേണ്ടതായോ വരില്ല. ഇഷ്ടംപോലെ സ്ഥലമുണ്ട്. എവിടെയെങ്കിലും അങ്ങനെയുള്ള പ്രശ്നമുണ്ടെങ്കിൽ അത് പരിഹരിച്ച് കൊടുക്കാവുന്നതാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിയും ഗവൺമെന്റും ഇടപെട്ട് ബേക്കൽകോട്ടയിലേക്ക് എത്തുന്ന ഈ റോഡ് എത്രയുംവേഗം നന്നാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ബേക്കൽ-ബാംഗ്ലൂർ ഇന്റർസ്റ്റേറ്റ് ഹൈവേയുടെ ഭാഗമായി കർണ്ണാടക സംസ്ഥാനത്തിലെ മടിക്കേരി ജില്ലയിലെ സുള്ള്യിയിലേക്ക് എളുപ്പത്തിൽ എത്തിപ്പെടാവുന്ന റോഡിന്റെ കാര്യമാണ്. കാസർഗോഡ് ജില്ലയിലെ തെക്കിൽ-ആവട്ടി റോഡ് ദേശീയപാത 66-ൽ പൊയ്നാച്ചിയിൽ നിന്നാരംഭിച്ച് കർണ്ണാടകത്തിലെ ആവട്ടിയിൽ അവസാനിക്കുന്നു. ഈ റോഡിന്റെ 37 കിലോമീറ്റർ ഭാഗം കേരളത്തിലൂടെ കടന്നുപോകുന്നു. ഈ റോഡ് ബി.എം. & ബി.സി. ചെയ്യുന്നതിന് 55 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇതിന് ഭരണാനുമതി കൊടുക്കുന്നതാണെന്ന് ഉറപ്പ് നൽകുന്നു.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

V മേശപ്പുറത്തുവച്ച കടലാസ്സുകൾ

2. ചട്ടം 47(2) അനുസരിച്ചുള്ള ലിസ്റ്റ് II പ്രകാരം

1. വനംവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 7049, അഞ്ചാം സമ്മേളനത്തിലെ 8391, എട്ടാം സമ്മേളനത്തിലെ 2583 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

LIBRARY ARCHIVES Kerala Legislative Assembly

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രിക്കുവേണ്ടി താഴെ പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

പതിമൂന്നാം കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ 4145, 4146 എന്നീ നമ്പരുകളിലുള്ള നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അവയ്ക്ക് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

VI റിപ്പോർട്ട് സമർപ്പണം

1. (i) 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ii) 2014 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട്

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, വ്യവസായങ്ങളും ധാതുക്കളും സംബന്ധിച്ച വിഷയ നിർണ്ണയ സമിതി IV-ന്റെ ചെയർമാനായ ഞാൻ സമിതിയുടെ 2014 മാർച്ച് 31 വരെയുള്ള പീരിയോഡിക്കൽ റിപ്പോർട്ടും 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

2. (i) 2013-2014-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്

(ii) ബാഹ്യനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ട്

പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, സാമൂഹ്യസേവനം സംബന്ധിച്ച വിഷയനിർണ്ണയ സമിതി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 2013-14-ലെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച മൂന്നാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും ബാഹ്യനീതി നിയമം അനുസരിച്ച് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടും സമർപ്പിക്കുന്നു.

3. അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ ഇരുപത്താമത് റിപ്പോർട്ട്

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, അനൗദ്യോഗിക ബില്ലുകളും പ്രമേയങ്ങളും സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ ഇരുപത്താമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly